## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 153 — 03/05/2017-ൽ മറുപടിക്ക്

## കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>,, രാജു എബ്രഹാം<br>,, എസ്.രാജേന്ദ്രൻ<br>,, ഒ. ആർ. കേളു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടിനെ ആധാരമാക്കി കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതിലോല മേഖലയായി വിജ്ഞാപനം ചെയ്ത് മലയോര മേഖലയിലെ ജനങ്ങളെ ദുരിതത്തിലാക്കിയ നടപടി തിരുത്തിക്കാനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; | (എ) | കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br><br>കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23.06.2016 ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ട്, എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മി. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ കൈക്കൊള്ളു ന്നതാണെന്നും, ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാ മെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23.02.2017 ലെ കത്തു പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ജനവാസ മേഖലകളെ ഒഴിവാക്കി ക്കൊണ്ട് അന്തിമ വിജ്ഞാപനം ഇറക്കണമെന്ന സംസ്ഥാന ത്തിന്റെ ആവശ്യം അവഗണിച്ചു കൊണ്ട് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം വീണ്ടും പുറപ്പെടു വിച്ചതുമൂലം ജനങ്ങൾക്കുണ്ടായ ആശങ്ക കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടി യെടുക്കുമോ; | (ബി) | കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രിയുടെ 17/3/2017 ലെ കത്ത് പ്രകാരം കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിജ്ഞാപനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാരിന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കാനും ബഹു. മുഖ്യമന്ത്രിയുടെ 23/02/2017 ലെ കത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഒരിക്കൽകൂടി കൊണ്ടു വരുന്നതിനും ഈ കാര്യത്തിനായി ആവശ്യമായി വരുന്ന ഭൂപടങ്ങൾ (maps) തയ്യാറാക്കുന്നതിനായി Kerala State Remote Sensing and Environment Centre (KSREC) നെ ചുമതലപ്പെടുത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇ.എസ്.എ. മേഖല വന ഭൂമിയിൽ മാത്രം പരിമിതപ്പെടുത്ത ണമെന്ന സംസ്ഥാന സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ ക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ 27/2/2017 ൽ പുറപ്പെടുവിച്ച പുതുക്കിയ വിജ്ഞാപ നത്തിൽ 9107 ച.കി.മി. വനപ്രദേശമായും 886.7 ച.കി.മി. വനേതര പ്രദേശമായും കാണിച്ചി രുന്നതിൽ, ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല |

| | | | |
|---|---|---|---|
| | | | പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി Reserve Forest Protected Area, World Heritage site എന്നിവ ഉൾപ്പെടുന്ന 9107 ച.കി.മി. വരുന്ന വനപ്രദേശത്തെ മാത്രം പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും, വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മി. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാനുള്ള കേന്ദ്ര സർക്കാർ അനുവാദം നേടിയെടുക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത് . |

സെക്ഷൻ ഓഫീസർ